കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്







# കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി

ചെറുകിട കർഷക കാർഷിക
വ്യാപാര കൺസോർഷ്യം കേരളം
തിരുവനന്തപുരം

വിവിധങ്ങളായ കാർഷികോല്പന്നങ്ങൾ ദേശീയതലത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിൽ കേരളം ഒന്നാമതാണെങ്കിലും വിളവെടുപ്പിനുശേഷമുള്ള വിള കൈകാര്യം ചെയ്യുന്നതിലുള്ള വീഴ്ചകൾ പലപ്പോഴും ഗണ്യമായ ശതമാനം ഉൽപ്പന്നങ്ങൾ നഷ്ടമാകുന്നതിലും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ അഭാവത്തിലും കലാശിക്കുന്നു. അഭ്യന്തര ഉപഭോഗത്തിനു ശേഷം ബാക്കിയായി വരുന്ന കാർഷികോല്പന്നങ്ങളുടെ ശാസ്ത്രീയ പരിപാലനവും ആധുനിക സാങ്കേതിക വിദ്യകളിലൂന്നിയ മൂല്യ വർദ്ധനവും കർഷകന് നല്ലൊരു ശതമാനം അധിക വരുമാനം നേടുന്നതിന് കാരണമാകുന്നു. ഈ മേഖലയുടെ വളർച്ച അത്ഭുതപൂർണ്ണമാണ്. കാരണം ലോകജനതയുടെ മാറി വരുന്ന ഭക്ഷ്യ സംസ്കാരം പുതിയ ഗുണമേന്മയേറിയ ഉൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിപ്പിക്കുന്നു. കേരളത്തിന്റെ കാർഷികമേഖലയിൽ മൂല്യവർദ്ധനവിലൂന്നിയ മുന്നേറ്റത്തിന് കർഷകന് സഹായകരമായ പദ്ധതികളുമായാണ് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നിലകൊള്ളുന്നത്.



## മാർഗ്ഗരേഖ

എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള നൂതന പദ്ധതികളാണ് എസ്.എഫ്.എ.സി വഴിയുള്ള ആനുകൂല്യത്തിനായി സമർപ്പിക്കേണ്ടത്. ആനുകൂല്യത്തിന്റെ വിവരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

- പദ്ധതിയ്ക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു.
- ഈ പദ്ധതിയുടെ ആനുകൂല്യത്തിൽ നിന്നും എണ്ണ മില്ലുകൾ, ധാന്യമില്ലുകൾ, കറിപ്പൊടി ഉൽപ്പാദന യൂണിറ്റുകൾ, ഇഡ്ഡലി - ദോശ- അപ്പം മാവ് നിർമ്മാണ യൂണിറ്റുകൾ, ബേക്കറി യൂണിറ്റുകൾ, അരിമില്ല്/ സോർട്ടെക്സ് യൂണിറ്റുകൾ, കശുവണ്ടി യൂണിറ്റുകൾ, കയർ യൂണിറ്റുകൾ, ജീവാണു വള - കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ, സോപ്പ് ഔഷധ നിർമ്മാണ യൂണിറ്റുകൾ മുതലായവ ഒഴിവാക്കിയിട്ടുണ്ട്.
- സംരംഭകർ ഓൺലൈനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ രേഖകളും അപേക്ഷകൻ ഓൺലൈൻ അപേക്ഷയുടെ പ്രിന്റിനോടൊപ്പം ഹാർഡ് കോപ്പിയായി എസ്.എഫ്.എ.സിയുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
- പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഇനം, നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ , തുടങ്ങിയവ അപേക്ഷയോടൊപ്പം എസ്.എഫ്.എ.സിയ്ക്ക് സമർപ്പിക്കേണ്ടതാണ്. യന്ത്രങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട ക്വട്ടേഷനുകൾ, നിർമ്മാണപ്രവർത്തനങ്ങൾ സാധൂകരിക്കുന്ന ബില്ലുകൾ തുടങ്ങിയവയും ലാഭനഷ്ട സ്റ്റേറ്റ്മെന്റ്, പ്രോജക്ട് പ്രവർത്തിക്കുമ്പോഴുള്ള ബാലൻസ് ഷീറ്റ് തുടങ്ങിയവയും എസ്.എഫ്.എ.സിയിൽ ഹാജരാക്കേണ്ടതാണ്.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാബന്ധിത പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ദേശസാൽകൃത/ സ്വകാര്യ/ഷെഡ്യൂൾഡ്/ സഹകരണ/ ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും



ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്.

- ബാങ്ക് വായ്പ അനുവദിക്കുന്നമുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതിപത്രവും എസ്.എഫ്.എ.സിക്ക് സമർപ്പിക്കേണ്ടതാണ്.
- സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം / ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോപ്പറേറ്റീവ് സൊസൈറ്റികൾക്ക് ) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- സ്വന്തം പേരിലുള്ളതോ ഡയറക്ടർ ബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ, പ്രസ്തുത സ്ഥലത്തിന്റെ നികുതി അടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ 15 വർഷത്തിനുമുകളിൽ കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പോ ഹാജരാക്കേണ്ടതാണ്.
- അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാധ്യത എന്നിവ ഉറപ്പുവരുത്തണം.
- പദ്ധതി രൂപരേഖ എസ്.എഫ്.എ.സിയുടെ സാങ്കേതിക സമിതിയുടെ വിശദപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
- പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ശേഷം എസ്.എഫ്.എ.സിയുടെ സാങ്കേതിക സമിതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനു ശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി ഓൺലൈനായി നിക്ഷേപിക്കുന്നതാണ്.
- പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി നടപ്പിലാക്കേണ്ടതാണ്. അല്ലാത്തപക്ഷം സബ്സിഡി തുക നിയമവിധേയമായി സർക്കാരിലേക്ക് തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.
- പദ്ധതി നടത്തിപ്പിനുള്ള അന്തിമ അനുമതി നൽകുന്നതിനുള്ള അധികാരം എസ്.എഫ്.എ.സിയുടെ ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് എസ്.എഫ്.എ.സിയുടെ വെബ്സൈറ്റ് ആയ www.sfackerala.org സന്ദർശിക്കുക.